# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3367** — **12.12.2014-ൽ മറുപടിക്ക്**

## മലിനജലം സംസ്കരിക്കുവാൻ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>,, കെ.ശിവദാസൻ നായർ<br>,, ലൂഡി ലൂയിസ്<br>,, അൻവർ സാദത്ത് | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) നഗരങ്ങളിലെ മലിനജലം സംസ്കരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;<br><br>(ബി) നഗരങ്ങളിൽ മലിനജല സംസ്കരണ പ്ലാന്റുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ; | (എ) & (ബി) തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. കൂടുതൽ നഗരങ്ങളിൽ മലിനജല സംസ്കരണത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (സി) ഏത് പദ്ധതിയുടെ ഭാഗമായാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്;<br><br>(ഡി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിക്ക് സഹായം നല്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (സി) & (ഡി) എഡിബി ധനസഹായത്തോടെയുള്ള കെ.എസ്.യു.ഡി.പി പദ്ധതിയിലൂടെയാണ് ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏറ്റെടുത്തിട്ടുള്ളത്. പുതിയ നഗരങ്ങളിൽ എ ഡി ബി/ കേന്ദ്രസർക്കാർ ധനസഹായത്തോടെ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (ഇ) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ? | (ഇ) തിരുവനന്തപുരത്ത് പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തിച്ചുവരുന്നു. മലിനജല ശൃംഖലയുടെ പ്രവർത്തി പുരോഗമിക്കുന്നു. കൊല്ലത്ത് മലിനജലശൃംഖലയുടെയും പമ്പിംഗ് സ്റ്റേഷനുകളുടെയും പ്രവൃത്തികൾ പുരോഗമിക്കുന്നു. കൊച്ചിയിൽ മലിനജല ശൃംഖലകളുടെയും പമ്പിംഗ് സ്റ്റേഷനുകളുടെയും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ഇവയുടെ പ്രവർത്തികൾ പുരോഗമിക്കുന്നു. പ്ലാന്റിന്റെ ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ